"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സ്വതന്ത്ര വിജ്ഞാനോത്സവം - 2023 മെയ് മാസം തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന വിജ്ഞാനോത്സവത്തിന് സർക്കാർ - ഗവേഷണ - സന്നദ്ധ പ്രവർത്തന സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് കൈറ്റിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.7962/2022/GEDN തീയതി,തിരുവനന്തപുരം, 14-12-2022

---

പരാമർശം:- 09.12.2022 ലെ കൈറ്റ് സി.ഇ.ഒ.യുടെ KITE/2022/1734 (1) നമ്പർ കത്ത്.

**ഉത്തരവ്**

വിജ്ഞാന സമൂഹത്തിന്റെ സൃഷ്ടിയിൽ നവസാങ്കേതിക മുന്നേറ്റങ്ങൾക്കും സ്വതന്ത്ര വിജ്ഞാന സംരംഭങ്ങൾക്കുമുള്ള പങ്ക് തിരിച്ചറിഞ്ഞ് സ്വാംശീകരിക്കാൻ ഈ മേഖലയിലെ വിദഗ്ധരും ജനകീയ പ്രവർത്തകരും ഒത്തുചേർന്നുകൊണ്ട് വിപുലമായ തോതിൽ ഒരു 'സ്വതന്ത്ര വിജ്ഞാനോത്സവം' 2023 മെയ് മൂന്നാം വാരം തിരുവനന്തപുരത്ത് വെച്ച് നടത്താൻ ഉദ്ദേശിക്കുന്നുവെന്നും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, മഹാത്മാ അയ്യൻകാളി മെമ്മോറിയൽ ഹാൾ (വി.ജെ.ടി. ഹാൾ), ഗവ. സംസ്കൃത കോളേജ് തുടങ്ങിയ വേദികൾ പ്രയോജനപ്പെടുത്തി വമ്പിച്ച ജനപങ്കാളിത്തത്തോടെയായിരിക്കും ഇത് സംഘടിപ്പിക്കുന്നതെന്നും പ്രോഗ്രാം കമ്മിറ്റിയ്ക്ക് വേണ്ടി മുൻ ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് അഭ്യർത്ഥിച്ചതായി പരാമർശ പ്രകാരം കൈറ്റ് സി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഈ മേഖലയിലെ അഭിമാന പദ്ധതികളായ Digital University Kerala, Kerala Development and Innovation Strategic Council (KDISC), Centre for Development of Imaging Technology (C-DIT), International Centre for Free and Open Source Software (ICFOSS), Kerala Startup Mission (KSUM), Keral State IT Mission, Information Kerala Mission (IKM) തുടങ്ങിയ സ്ഥാപനങ്ങളും രാജ്യത്തിനകത്തും പുറത്തുമുള്ള സർവകലാശാലകൾ, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ, പ്രൊഫഷണൽ സംഘടനകൾ, Democratic Alliance for Knowledge Freedom (DAKF) തുടങ്ങിയവയെല്ലാം ഇതിന്റെ പങ്കാളികളാവും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. വിജ്ഞാന സ്വാതന്ത്ര്യ മേഖലയിൽ പൊതുവായും ഡിജിറ്റൽ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സവിശേഷമായും മാതൃകാപരമായി ഇടപെട്ടുകൊണ്ടിരിക്കുന്ന Kerala Infrastructure and Technology for Education (KITE) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഔദ്യോഗിക അനുമതികൾക്ക് തുടക്കം കുറിക്കണം എന്ന പ്രോഗ്രാം കമ്മിറ്റിയുടെ അഭ്യർത്ഥനയ്ക്ക് സർക്കാർ അനുമതി നൽകണമെന്നും കൈറ്റ് സി.ഇ.ഒ. അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. .2023 മെയ് മാസം തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന സ്വതന്ത്ര വിജ്ഞാനോത്സവത്തിന് ഈ മേഖലയിലെ സർക്കാർ - ഗവേഷണ -

സന്നദ്ധ പ്രവർത്തന സംഘടനകളുമായി ചേർന്ന് വിദ്യാഭ്യാസ, ശാസ്ത്ര അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത പാടില്ല. എന്ന വ്യവസ്ഥയിൽ നിലവിലെ ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും വിധേയമായി പ്രവർത്തിക്കുന്നതിന് കൈറ്റിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ , പൊതു വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ , ഉന്നത വിദ്യാഭ്യാസ വകുപ്പ്.
സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (KDISC)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu S
Date: 14-12-2022 13:28:32
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്